# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2527 09/12/2014-ൽ മറുപടിക്ക്

### ആദിവാസി പ്രദേശങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ആദിവാസി പ്രദേശങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകാൻ എന്തെങ്കിലും പുതിയ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്; എന്തൊക്കെയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെന്ന് വിശദീകരിക്കാമോ; | (എ) | ഇല്ല. |
| (ബി) | ആദിവാസി ഗ്രാമസഭാ നിയമം (പെസ) നടപ്പാക്കാനുള്ള നീക്കം ഏതു ഘട്ടംവരെയായി എന്നു വിശദമാക്കാമോ; | (ബി) | പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കൽ) നിയമം 1996 സംബന്ധിച്ച് വിശദാംശങ്ങൾ പട്ടികവർഗ്ഗ സംഘടനകളുമായി ചർച്ച ചെയ്യുന്നതിനു വേണ്ടിയും, അവരുടെ നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത ശേഷം മാത്രം അന്തിമ തീരുമാനം കൈക്കൊള്ളുവാനും 14.10.2014 ലെ പട്ടികവർഗ്ഗ സംഘടനകളുമായുള്ള യോഗത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സർക്കാർ വിശദമായ കുറിപ്പ് തയ്യാറാക്കി എല്ലാ ആദിവാസി സംഘടനാ നേതാക്കൾക്കും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ആദിവാസികൾക്ക് സ്വന്തം ഭൂമി പണയം വയ്ക്കാൻ കഴിയാതെ പോകുന്ന സാഹചര്യങ്ങളിൽ ഇവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേക ഭൂപണയ ബാങ്കുകൾ ആദിവാസി കേന്ദ്രങ്ങളിൽ ആരംഭിക്കാൻ നീക്കമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ